ഭരണഭാഷ - മാതൃഭാഷ
ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ.ബി.ടി.വി. കൃഷ്ണൻ, ബി.ടെക് )

**<u>ഉത്തരവ് : നമ്പർ ബി2/119/2020/സിഇ -1 തീയതി : 21/10/2020</u>**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം- അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ശ്രീ. സതീഷ് ചന്ദ്രനെ ചെല്ലാനം സബ് ഡിവിഷൻ കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം :- 1 അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സതീഷ് ചന്ദ്രന്റെ അപേക്ഷ.
2 ഈ കാര്യാലയത്തിലെ 16/10/2020-ലെ ബി3/41406/2020/സി.ഇ ഉത്തരവ്.

ഹാർബർ എഞ്ചിനീയറിംഗ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സതീഷ് ചന്ദ്രൻ സ്ഥലംമാറ്റം ലഭിക്കുന്നതിലേക്കായി അപേക്ഷിച്ചിട്ടുണ്ട്. അപേക്ഷയിൽ ശ്രീ. സതീഷ് ചന്ദ്രൻ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്നതിന് 6 മാസമേ ബാക്കിയുള്ളുവെന്നും അതിനു മുന്നോടിയായി തന്റെ വാസസ്ഥലത്തിനടുത്ത് സൗകര്യപ്രദമായ പോസ്റ്റിംഗ് നൽകണമെന്നും അപേക്ഷിച്ചിരുന്നു. ശ്രീ. സതീഷ് ചന്ദ്രൻ ആവശ്യപ്പെട്ട ആലപ്പുഴ ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ ശ്രീ. സതീഷ് ചന്ദ്രന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് ടിയാന്റെ സ്വദേശമായ കോട്ടയം ജില്ലയുടെ സമീപ ജില്ലയായ എറണാകുളം ജില്ലയിലെ ചെല്ലാനം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ശ്രീ. ഒ.കെ. ഗോപി അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) പെൻഷന് പ്രാരംഭമായി അവധിയിൽ പ്രവേശിച്ചതു നിമിത്തം ഉണ്ടായ ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ചുത്തരവാകുന്നു. ശ്രീ. സതീഷ് ചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെല്ലാനം മുമ്പാകെ ജോലിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്
ചീഫ് എൻജിനീയർ

സ്വീകർത്താവ്
ശ്രീ. സതീഷ് ചന്ദ്രൻ,
അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)

പകർപ്പ്:-
1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,(ചെല്ലാനം, ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ)
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ (എറണാകുളം, കോഴിക്കോട്)
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മധ്യമേഖല, എറണാകുളം/ ഉത്തരമേഖല, കോഴിക്കോട്

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T6/Pr